മ്യൂസിയം പ്രൊട്ടക്ഷൻ കൗൺസിലിന്റെ പരാതി

61 (3148)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ കാഴ്ച ബംഗ്ളാവ്, മൃഗശാല എന്നിവയുടെ കോമ്പൗണ്ടിനകത്തുള്ള കച്ചവടസ്ഥാപനങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നും നൽകിയിട്ടുള്ള അനുവാദം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മ്യൂസിയം പ്രൊട്ടക്ഷൻ കൗൺസിൽ ഗവൺമെന്റിന് പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ കച്ചവട സ്ഥാപനങ്ങൾക്ക് എത്ര സ്ഥലമാണ് അനുവദിച്ചതെന്നും നൽകിയിട്ടുള്ളതിൽ കൂടുതൽ സ്ഥലം ഇവർ കൈവശപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഈ കച്ചവട സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ മൃഗശാലയേയും ടൂറിസ്റ്റുകളേയും ദോഷകരമായി ബാധിക്കുന്നതുകൊണ്ട് ഇവരെ ഒഴിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൃഗശാല കോമ്പൗണ്ടിനകത്ത് നിന്നും 94 ചതുരശ്ര മീറ്റർ സ്ഥലം ശ്രീ. ജെയിംസ്കുട്ടിക്ക് ടെലഫോൺ ബൂത്ത് നടത്തുന്നതിനും കെ.ടി.ഡി.സി റസ്റ്റാറന്റ് നടത്തുന്നതിനായി 5 സെന്റും കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് 2 സെന്റും കുത്തകപാട്ടത്തിനായി അനുവദിച്ചിട്ടുണ്ട്.

(സി) അന്വേഷണം നടത്തി ആവശ്യമാണെന്ന് കാണുന്നപക്ഷം ഒഴിപ്പിച്ചെടുക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

എൻ.ജി. ഒ. യൂണിയന് പാട്ടത്തിന് നൽകിയ സ്ഥലം

62 (3149)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കവടിയാർ വില്ലേജിൽ സർവേ നമ്പർ 2240-/1-ലെ 10 സെന്റ് സ്ഥലം കേരള എൻ.ജി.ഒ യൂണിയന് 1967-മുതൽ കുത്തകപ്പാട്ടത്തിന് നൽകിയിരുന്നുവോ;

(ബി) എങ്കിൽ എത്ര വർഷത്തേക്ക് എന്ത് വ്യവസ്ഥയിലാണ് നൽകിയത്;

(സി) പാട്ടത്തിന്റെ കാലാവധി എന്നാണ് അവസാനിച്ചത്; പാട്ടത്തിന്റെ കാലാവധി അവസാനിച്ച മുറയ്ക്ക് വസ്തു വീണ്ടെടുക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുകയുണ്ടായി;

(ഡി) യാതൊരു നടപടിയും സ്വീകരിച്ചില്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ഭൂമിയിൽ എൻ.ജി.ഒ യൂണിയൻ പണിത കെട്ടിടം പാട്ടവ്യവസ്ഥകൾക്ക് വിരുദ്ധമായി വാണിജ്യാവശ്യങ്ങൾക്ക് വാടകയ്ക്ക് കൊടുത്തിരുന്നുവോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(എഫ്) ഇപ്പോൾ പ്രസ്തുത സ്ഥലം എൻ.ജി.ഒ. യൂണിയന് പതിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുവിലയ്ക്കാണ് എൻ.ജി.ഒ. യൂണിയന് വസ്തു കൊടുത്തത്;

(ജി) തിരുവനന്തപുരം നഗരത്തിൽ പി.എം.ജി. ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത വസ്തുവിന് ഇപ്പോഴത്തെ മാർക്കറ്റ് വിലയനുസരിച്ച് എന്ത് വില വരുമെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഭൂമി പതിച്ചുകൊടുത്തതു സംബന്ധിച്ച് ജില്ലാ കളക്ടറുടെ 7.12.98-ലെ ബി.ഒ/61902/98 നമ്പർ കത്തിന്റെ പകർപ്പും തഹസിൽദാരുടെ റിപ്പോർട്ടും മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) 30 വർഷത്തേയ്ക്കാണ് നൽകിയത്.

(സി) ജി.ഒ.(എം.എസ്)677/67/റവന്യൂ തീയതി 29.12.1967 നമ്പർ പ്രകാരം 27.12.97-ൽ മാത്രമേ കുത്തകപ്പാട്ട കാലാവധി അവസാനിക്കുകയുള്ളു. എന്നാൽ 13.11.95-ലെ ജി.ഒ. (പി) 566/95/റവന്യൂ ഉത്തരവ് പ്രകാരം കുത്തകപ്പാട്ടം മുഴുവൻ റദ്ദാക്കിയതിന്റെ അടിസ്ഥാനത്തിൽ പാട്ടക്കാലാവധി 13.11.95-ൽ അവസാനിച്ചതായി കണക്കാക്കാവുന്നതാണ്.

പാട്ടക്കാലാവധി അവസാനിച്ച മുറയ്ക്ക് പാട്ട വ്യവസ്ഥകൾ ലംഘിച്ചതായി കണക്കാക്കി എൻ.ജി.ഒ യൂണിയന് അനുവദിച്ചിരുന്ന ഭൂമി സർക്കാരിലേയ്ക്ക് വീണ്ടെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചു എങ്കിലും ഇതിനിടയിൽ ഭൂമി പതിച്ചു കിട്ടുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതിനാൽ പാട്ടം നൽകിയിരുന്ന ഭൂമി പതിച്ചു നൽകുന്നതിനുള്ള തീരുമാനം എടുക്കുകയാണുണ്ടായത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പാട്ട വ്യവസ്ഥകൾക്ക് വിരുദ്ധമായി ടി സ്ഥലത്ത് എൻ.ജി.ഒ. യൂണിയൻ ഓഫീസിന്റെ കെട്ടിടത്തിൽ വാണിജ്യാവശ്യങ്ങൾക്കുവേണ്ടി വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. ഇതിനെതിരായി നടപടികൾ സ്വീകരിച്ചിട്ടില്ല.

(എഫ്) പ്രസ്തുത ഭൂമി സൗജന്യമായി പതിച്ചു നൽകുന്നതിനായി ജി.ഒ. (എം.എസ്) 469/99/റവന്യൂ തീയതി. 22.11.99 പ്രകാരം ഉത്തരവായിട്ടുണ്ട്.

(ജി) ടി സ്ഥലത്ത് സെന്റൊന്നിന് 3 ലക്ഷം രൂപ ക്രമത്തിൽ ആകെ 30 ലക്ഷം രൂപ മതിപ്പുവില കണക്കാക്കുന്നു.

(എച്ച്) കണക്കുകളുടെ പകർപ്പുകൾ മറുപടിയോടൊപ്പം ചേർത്തിട്ടുണ്ട്.†

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly